# Tech Streams

little KITEs

LITTLE KITES

ST. JOHN'S HSS
UNDANCODE

# TECH STREAMS



ലിറ്റിൽ കൈറ്റ്സ്

**സെന്റ് ജോൺസ് എച്ച്.എസ് എസ് ഉണ്ടൻകോട്**

# പ്രണാമം





## OUR PATRON



**Msgr. Dr. Vincent K Peter**
**Local Manager**



ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ 'Tech Streams' എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു.

സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ കൈയെത്തിപ്പിടിക്കാൻ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ സാധിക്കട്ടെ. ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽമാഗസീന് സർവ്വവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ ,

യേശുദാസൻ എം
(പ്രിൻസിപ്പാൾ)



പ്രിയപ്പെട്ടവരേ,

ലിറ്റിൽ കൈറ്റ്സിൻറെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസീനിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

വിദ്യാർഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനോടൊപ്പം വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സംരംഭത്തിലൂടെ സാധിക്കട്ടെ.....

“TECH STREAMS” യാഥാർഥ്യമാക്കിത്തീർക്കാൻ പ്രയത്നിച്ച വിദ്യാർഥികൾക്കും നേതൃത്വം നല്കിയ അധ്യാപകർക്കും ആശംസകൾ അർപ്പിക്കട്ടെ.

സ്നേഹത്തോടെ,

ഫിലോമിന എഫ്

(ഹെഡ്മിസ്ട്രസ്)

ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 'Tech Streams' എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ അനുമോദനങ്ങളും ആശംസകളും നേരുന്നു. ഈ ഡിജിറ്റൽ യുഗത്തിൽ കാലത്തിനനുയോജ്യമായവിധത്തിൽ തന്നെ കുട്ടികളുടെ സർഗ്ഗവാസനകൾ തയ്യാറാക്കാൻ കാണിച്ച പ്രാഗത്ഭ്യത്തിന് ഏറെ അഭിനന്ദനമറിയിക്കുന്നു. നേതൃത്വം നൽകിയ അധ്യാപകർക്കും എഡിറ്റോറിയൽ ബോർഡംഗങ്ങൾക്കും വരകളായും വർണങ്ങളായും പങ്കുകാരായവർക്കും ഏറെ അഭിനന്ദനം.

സ്നേഹാശംസകളോടെ,

സുധ എസ്

സ്റ്റാഫ് സെക്രട്ടറി എച്ച്.എസ്.എസ്

പ്രിയരേ,

നമ്മുടെ കുട്ടുകാരുടെ നൈപുണികളുടെ നവീനാവിഷ്കാരം...'TECH STREAMS'.ശാസ്ത്ര സാങ്കേതിക മേഖലയിൽ ലോകത്തിൻറെ കുതിപ്പിൽ നമുക്കും പങ്കുകാരാകാം.... ഒപ്പം വളരാം.....

വിദ്യാർഥികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ഒത്തു ചേരുന്ന 'TECH STREAMS' ന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹശാംസയോടെ,

ജയപ്രകാശ്.കെ.ആർ,

(സ്റ്റാഫ് സെക്രട്ടറി).

പ്രിയരേ,

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.

സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരംനൽകുന്ന ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

"TECH STREAMS" ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ചവർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ,
വിജു ഡി.
(പി.റ്റി.എ പ്രസിഡന്റ്)

# പത്രാധിപ സമിതി

| | |
|---|---|
| ഫിലോമിന എഫ് | (ഹെഡ്മിസ്ട്രസ്) |
| വിജു ഡി | (പി.റ്റി.എ പ്രസിഡൻറ്) |
| റോസ് മേരി റ്റി | (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്) |
| ബീനജാസ്മിൻ കെ എഫ് | (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്) |
| സെന ദീപക് | (സ്കൂൾ ലീഡർ) |
| അബ്രഹാം തമ്പി | (ലിറ്റിൽ കൈറ്റ്സ് ലീഡർ) |
| ലിയ ഡി ജോർജ് | (ലിറ്റിൽ കൈറ്റ്സ് ലീഡർ) |
| അൽതസ്നി എസ് | (ചീഫ് എഡിറ്റർ) |
| അസ്ന എ എസ് | (ലിറ്റിൽ കൈറ്റ് അംഗം) |
| ഫാത്തിമ എസ് ആർ | (ലിറ്റിൽ കൈറ്റ് അംഗം) |



പ്രിയ സുഹൃത്തുക്കളെ,

ശാസ്ത്രത്തിൻെറയും നമ്മുടെ നിത്യജീവിതത്തിൻെറയും എല്ലാ മേഖലകളിലും വിവരവിനിയമയ സാങ്കേതികവിദ്യ വിപുലവും വിസ്മയകരവുമായ മാറ്റങ്ങൾക്കുവിധേയമായിക്കൊണ്ടിരിക്കുന്നു .ഈ സാഹചര്യത്തിലാണ് ഡിജിറ്റൽ മാഗസിനിൻെറ പ്രസക്തി നാം ഓർക്കേണ്ടത് .

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നേതൃത്വം നൽകുന്ന **'TECH STREAMS'** വിവരസാങ്കേതികവിദ്യയുടെ അറിവിൻെറ പ്രവാഹത്തിലേക്ക് നയിക്കാൻ നമ്മെ സഹായിക്കട്ടെ.

**'TECH STREAMS'** യാഥാർഥ്യമാക്കാൻ സഹായിച്ച സുമനസ്സുകൾക്കും സൃഷ്ടികൾ നൽകി സഹായിച്ചവർക്കും അണിയറ പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു .

സ്നേഹാശംസകളോടെ,

ചീഫ് എഡിറ്റർ,

അൽതസ്ലി എസ്,

**9.D**

# Layout and Design



# താളുകളിലൂടെ.......

1. സ്കൂളിന്റെ ചരിത്രം
2. ലിറ്റിൽ കൈറ്റ്സ് സാങ്കേതിക വിദ്യയുടെ മികവുകളിലേക്ക്
3. സ്നേഹ സ്പർശം
4. നാണപ്പാ............നാണപ്പാ..............
5. ADDITIONAL SKILL ACQUISITION PROGRAMME
6. SPC REPORT
7. വേനൽ മഴ
8. How technology help full for student
9. ശാസ്ത്രാഭിരുചി വളർത്താൻ Mega Expo
10. ഇന്ത്യ എവിടെ ?
11. പ്രശസ്തരാകാം വായനയിലൂടെ.......
12. RAIN
13. നക്ഷത്രപ്പൂങ്കുല
14. ചത്തു പോകുന്ന സംസ്കാരം
15. അധ്യാപക- വിദ്യാർത്ഥികളുടെ അഭിപ്രായം സ്മാർട്ട് ക്ലാസ്സുകളിലൂടെ.....
16. എന്റെസ്കൂൾ
17. Advantages And Disadvantages Of Technology
18. മനസൊരു മായിക
19. "Cyber Crime"
20. മുത്തശ്ശി
21. A BRIEF COMPUTER HISTORY
22. എന്റെ മലയാളം

# സ്കൂളിന്റെ ചരിത്രം

1914 ൽ മണിവിള ആസ്ഥാനമാക്കി ബെൽജിയം മിഷനറിമാർ എത്തി. 1918 കാലാഘട്ടത്തിൽ ഉണ്ടൻകോട് പ്രവർത്തനം ആരംഭിച്ചു. 1957-ൽ എത്തിയ ഒ.സി.ഡി വൈദികൻ ജോൺബാപ്റ്റിസ്റ്റ് ഉണ്ടൻകോട് ബന്ധിതമായി മതപ്രവർത്തനങ്ങൾ ആരംഭിച്ചു. ദരിദ്രരും കർഷകതൊഴിലാളികളുമായിരുന്നു അന്നത്തെ സമൂഹം. വിദ്യാഭ്യാസ പുരോഗമനം സമൂഹത്തിന്റെ ആവശ്യമായി കണ്ടു. അന്ന് വിദ്യാലയങ്ങൾ ഉണ്ടായിരുന്നത് കാരക്കോണത്തും വെള്ളറടയിലുമാണ്. 1964 ൽ ഉണ്ടൻകോട് എൽ.പി സ്കൂൾ സ്ഥാപിതമായി. ഈ നാടിന്റെ നന്മ മുന്നിൽ കണ്ട അദ്ദേഹം സ്കൂളിനോടൊപ്പം ആശുപത്രി, കോൺവെന്റ്, ചന്ത, റൈസ്മിൽ, എന്നിവയെല്ലാം ഉൾപ്പെട്ട കോംപ്ലക്സിനും രൂപം നല്കി. വിദ്യാലയം സ്ഥാപിച്ചതോടുകൂടി ജനങ്ങളെ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുക എന്ന അദ്ദേഹത്തിന്റെ ലക്ഷ്യം സഫലീകൃതമായി. നാല് വർഷത്തിനുശേഷം ആ വിദ്യാലയം യു.പി സ്കൂളായി ഉയർത്തപ്പെട്ടു. 1981-82 ൽ ലോക്കൽ മാനേജരായിരുന്ന വർഗ്ഗീസ് ദാസച്ചൻ ഹൈസ്കൂളായി ഉയർത്തി. 1998-99-ൽ എച്ച്.എസ്.എസ് ആയി വിദ്യാലയം മാറി. ആദ്യ എച്ച്.എം 1964-ൽ സുശീലൻ സാർ ആയിരുന്നു. കുരിശുമലയുടെ സാംസ്കാരിക പ്രാധാന്യം ഇന്നാടിനെ വളർത്തി. 11 പള്ളികൾ ചുറ്റുപാടിൽ സ്ഥാപിതമായി . അവ പിന്നീട് സബ്സ്റ്റേഷൻ ചേർത്ത് ഫൊറോനകളായി. കുരിശുമല, തേക്കുപാറ, ത്രേസ്യാപുരം, പാലിയോട് തുടങ്ങിയ ഉണ്ടൻകോടുമായി ബന്ധപ്പെട്ട ദൈവാലയവും വിദ്യാലയവും മാറ്റങ്ങളുടെ വിളക്കുകൊളുത്തി.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ പെരുങ്കടവിള ബ്ലോക്കിൽ ഉൾപ്പെട്ട കുന്നത്തുകാൽ പഞ്ചായത്ത് പരിധിയിൽ വരുന്ന മനോഹരമായ ഒരു വിദ്യാലയമാണ് സെന്റ് ജോൺസ് എച്ച്.എസ്.എസ് ഉണ്ടൻകോട് ഏതാണ്ട് 55 വർഷത്തിലധികമായി ഈ ഗ്രാമത്തിന്റെ തിലകകുറിയായി ഈ സ്കൂൾ പ്രശോഭിക്കുന്നു.ബെൽജിയം മിഷനറിയായിരുന്ന റവ.ഫാ.ബാപ്റ്റിസ്റ്റ് ഒ.സി.ഡി ആണ് ഉണ്ടൻകോട് എന്ന പിന്നോക്ക ഗ്രാമത്തിന്റെ ഭൗതീകവും ആദ്ധ്യാത്മീകവുമായ വളർച്ചയ്ക്കുവേണ്ടി 1964-ൽ ഒരു പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രത്തിന് തുടക്കം കുറിച്ചത്. തുടർന്ന് വന്ന ലോക്കൽമാനേജർമാരുടെയും അഭ്യുദയകാംക്ഷികളുടെയും ശ്രമഫലമായി 1982 ൽ ഇതൊരു ഹൈസ്കൂളായി ഉയർന്നു. 1991 മുതൽ 1997 വരെ ലോക്കൽ മാനേജരായിരുന്ന റവ.ഫാ. ജി ക്രിസ്തുദാസ് അവർകളുടെ അശ്രാന്ത പരിശ്രമഫലമായി 1998-ൽ സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂളായി ഉയർന്നു. ഇപ്പോൾ 1 മുതൽ 10-ാം ക്ലാസ്സ് വരെ ഇംഗ്ലീഷ് മീഡിയവും മലയാള മീഡിയവും ക്ലാസ്സുകൾ ഉണ്ട്. പ്രഗൽഭരായ ധാരാളം ഹെഡ്മാസ്റ്റർമാരുടെയും അധ്യാപകരുടെയും അഭ്യുദയകാംക്ഷികളായ രക്ഷിതാക്കളുടെയും പ്രവർത്തനഫലമായി മൂവായിരത്തിലധികം വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നുണ്ട്.

# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

# LITTLE KITES CLUB

## LITTLE KITES-2018

ഉണ്ടൻകോട് സെൻറ്.ജോൺസ് ഹയർ സെക്കൻററി സ്കൂളിലെ 2018-2019 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻെറ ഔപചാരികമായ ഉദ്ഘാടനം 2018 ജൂൺ മാസം 26-ാം തിയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡൻറ് ശ്രീ.രവി സാറിൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് പ്രിയ ബഹുമാനമുള്ള ശ്രീമതി.



ഫിലോമിന ടീച്ചർ [ഹെഡ്മിസ്ട്രസ്] നിർവഹിച്ചു. പാറശ്ശാല സബ് ജില്ലയുടെ മാസ്റ്റർ ട്രെയിനർ ശ്രീമതി.രമാദേവിടീച്ചർ സന്നിഹത യായിരുന്നു. റോസ് മേരി ടീച്ചർ സ്വാഗതം ആശംസിച്ചു.

തുടർന്ന് രമടീച്ചർ ക്ലാസ് നയിച്ചു. കുട്ടികളെ അടിസ്ഥാന ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പുകാരും ചെയ്യേണ്ട ചുമതലകളെകുറിച്ച് വ്യക്തമാക്കി കൊടുക്കുകയും ചെയ്തു. ഈ ക്ലബ്ബിനെ കുറിച്ചുള്ള പൊതുവായ കാര്യങ്ങളും ടീച്ചർ കുട്ടികൾ വിശദമാക്കി . കമ്പ്യൂട്ടറിനെ കുറിച്ചുള്ള കാര്യങ്ങളും ഓരോ



ഭാഗങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ ടീച്ചർ കുട്ടികൾക്ക് നൽകി. scratch നെ ക്കുറിച്ചാണ് ടീച്ചർ അന്ന് ക്ലാസ് എടുത്തത്.കാര്യങ്ങൾ പറഞ്ഞു കൊടുത്തതിനുശേഷം അത് സ്വന്തമായി ചെയ്തു നോക്കുന്നതിനുള്ള അവസരവുംനൽകി. തുടർന്ന് ആനി,ലിയ,അബ്രഹാം തുടങ്ങിയ വിദ്യാർത്ഥികൾ ക്ലാസിനെ കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്തി. വൈകുന്നേരം 3 മണിക്ക് ക്ലാസ് അവസാനിച്ചു.

2018 ജൂലൈ മാസം 4-ാം തിയതി ബുധനാഴ്ച്ച വൈകുന്നേരം 3.30 ക്ലാസ് ആരംഭിച്ചു. റോസ്മേരി ടീച്ചറാണ് ക്ലാസ് നയിച്ചത്. ആനിമേഷൻ എന്നാൽ എന്ത് ? ആനിമേഷൻ സോഫ്റ്റവയറുകൾ ഏതൊക്കെയാണ്? ആനിമേഷനുവേണ്ടി സ്റ്റോറിബോഡ് തയ്യാറാക്കുന്ന വിധം തുടങ്ങിയ കാര്യങ്ങളെ കുറിച്ചാണ് ക്ലാസ് എടുത്തത് . ആനിമേഷൻ സിനിമ നിർമ്മിക്കുന്നതിൻെറ വിവിധ ഘട്ടങ്ങൾ projector വഴി കാണിച്ചു .ഈ ഘട്ടങ്ങൾ അനുസരിച്ച് ഓരോ ഗ്രൂപ്പ്ക്കാരും ഓരോ story board തയാറാക്കി കൊണ്ടുവരാൻ പറഞ്ഞ് ക്ലാസ്സ് അവസാനിപ്പിച്ചു

2018 ജൂലൈ മാസം 11 ാം തിയതി ബുധനാഴ്ച്ച വൈകുന്നേരം മൂന്നര മുതലുള്ള ക്ലാസ്സ് നയിച്ചത് ബീനാജാസ്മിൻ ടീച്ചറാണ്.കഴിഞ്ഞ ദിവസം തയാറാക്കി വരാൻ പറഞ്ഞ story board അവതരിപ്പിരിക്കുന്നതിനുള്ള സമയം കൊടുത്തു. തുടർന്ന് പുതിയ ആനിമേഷൻ സോഫ്റ്റ് വെയർ ആയ Tupi Tube Desk പരിചയപ്പെടുത്തി.മൂന്ന്



ഫ്രെയിം മോഡുകളും എപ്പോഴൊക്കെ ഉപയോഗിക്കണമെന്ന് പറഞ്ഞു കൊടുത്തു. പുതിയ tools നെ പരിചയപ്പെടുത്തി. save ചെയ്തതിനു ശേഷം Export ചെയുന്നതുകൂടി പറഞ്ഞു കൊടുത്തു. വിമാനം പറക്കുന്ന പ്രവർത്തനമാണ് ചെയ്തത്.

2018 ജൂലൈ മാസം 18-ാം തിയതി ബുധനാഴ്ച വൈകുന്നേരം മൂന്നരമുതലുള്ള ക്ലാസ് നയിച്ചത് റോസ് മേരി ടീച്ചറാണ്. കാറിന് animation

നൽകുന്ന രീതിയാണ് പരിചയപ്പെടുത്തി കൊടുത്തത്. Dynamic by mode ൽ left select ചെയ്യാനും background ആയി road.png എടുക്കാനും പറഞ്ഞു കൊടുത്തു. frame mode ൽ ടയറിനെ ചലിപ്പിക്കാനും പഠിപ്പിച്ചു. രണ്ടു ടയറുകളും ഒരേ വലിപ്പത്തിൽ ആയിരിക്കണമെന്ന് ഓർപ്പെടുത്തി.

2018 ജൂലൈ മാസം 25-ാം തിയതി ബുധനാഴ്ച വൈകുന്നേരം മൂന്നരമണിക്കുള്ള ക്ലാസ് നയിച്ചത് ബീനാജാസ്മിൻ ടീച്ചറാണ് GIMP എന്ന Software നെ ക്കുറിച്ചാണ് അന്ന് ക്ലാസ് എടുത്തത് tool നെ പരിചയപ്പെടുത്തിയ ശേഷം ബ്രഷ് ടൂൾ ഉപയോഗിച്ച് മണ്ണ്, ചെടി,മരം ഇവ വരയ്ക്കാൻ പഠിപ്പിച്ചു Gradient tool ,Smudge tool , തുടങ്ങിയവ ഉപയോഗിക്കേണ്ട വിധം പറഞ്ഞു കൊടുത്തു. വരച്ചത് സേവ് ചെയ്യിച്ചു.



2018 ജൂലൈ മാസം 28-ാം തിയതി ശനിയാഴ്ച രാവിലെ 9.30 മണിക്ക് ക്ലാസ് ആരംഭിച്ചു. ആനിമേഷൻ gimp ഉപയോഗിച്ച് പഠിപ്പിച്ചു. spinning globe തയ്യാറാക്കാൻ പറഞ്ഞു കൊടുത്തു. കുട്ടികൾ നല്ല ഉത്സാഹത്തോടെ ആ പ്രവർത്തനം ചെയ്തു. tupi tupe desk എന്ന software ഉപയോഗിച്ച് ഒരു പക്ഷി മരത്തിൽ പറന്നിറങ്ങുന്ന രീതി പറഞ്ഞു കൊടുത്തു.

2018 ഓഗസ്റ്റ് മാസം ഒന്നാം തിയതി ബുധനാഴ്ച inkscape software ഉപയോഗിച്ച് ബലൂൺ വരയ്ക്കാൻ പഠിപ്പിച്ചു. ആവശ്യമായ tools [ii]പരിചയപ്പെടുത്തി. ബലൂൺ വരച്ച്
നിറം കൊടുക്കുന്നതിനും gradient ആക്കുന്നതിനും ബലൂണിൽ ചരട് കെട്ടുന്നതിനും പറഞ്ഞു കൊടുത്തു. വരച്ചതിൽ നിന്ന് ഒരു ബലൂൺ സേവ് ചെയ്യുന്ന രീതിയും ഒരുമിച്ചു സേവ് ചെയ്യുന്ന രീതിയും പറഞ്ഞു കൊടുത്തു.

2018 ഓഗസ്റ്റ് മാസം നാലാം തിയതി ശനിയാഴ്ച രാവിലെ മുതൽ തിയതി ശനിയ്ഴ്ച രാവിലെ മുതൽ വൈകുന്നേരം വരെയാണ് ക്ലാസ് നടന്നത്. Video editing , Audacity എന്നിവയെക്കുറിച്ചായിരുന്നു ക്ലാസ് എടുത്തത്. Resource person ആയ ശ്രീമതി.ഷൈജ ടീച്ചറാണ് ക്ലാസ് നയിച്ചത്.പതിനൊന്നുമണിക്ക് കുട്ടികൾക്ക് ചായയും വടയും കൊടുത്തു. ഉച്ചയ്ക്ക് ഊണ് നൽകി. പ്രഥമനും ഉണ്ടായിരുന്നു.കുട്ടികൾ വളരെ രസകരമായ രീതിയിൽ ആസ്വദിച്ചാണ് ഈ പ്രവർത്തനം ചെയ്തത്. അന്നത്തെ ക്ലാസിനെക്കുറിച്ചുള്ള അവലോകനം അസ്ന,ശിവജ്യോതി,ഫാത്തിമ എന്നീ കുട്ടികൾ നടത്തി. അൽതസ്നിയുടെ നന്ദിപ്രകാശനത്തോടെക്ലാസ് അവസാനിച്ചു.

2018 ഓഗസ്റ്റ്മാസം ഏട്ടാം തിയതി ബുധനാഴ്ച വൈകുന്നേരം മൂന്നരമണിക്കുള്ള ക്ലാസിൽ ആനിമേഷന്റെ practice ആയിരുന്നു. കൂടുതൽ പ്രവർത്തനങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിച്ചു. Brush tool ഉപയോഗിച്ച് മരം വരയ്ക്കുന്നതിനും മണ്ണ് വരയ്ക്കുന്നതിനും മണ്ണിനു മുകളിൽ ചെടികൾ വരച്ച് നിറം കൊടുക്കുന്നതിനും സഹായിക്കുന്ന പ്രവർത്തനം കുട്ടികൾ ഭംഗിയായി ചെയ്തു. smudge tool ഉപയോഗിച്ച് ഒരോ ലെയറിന്റെയും അരികുകൾ ലയിപ്പിക്കുവാനും പഠിച്ചു.

2018 ഓഗസ്റ്റ് മാസം 29-ാം തിയതി ബുധനാഴ്ച വൈകുന്നേരം 3.30 ന് ക്ലാസ് നടന്നു. മലയാളം ടൈപ്പിംഗ് ആണ് പരിചയപ്പെടുത്തിയത്.മലയാളം അക്ഷരങ്ങൾക്കു പകരം ഉപയോഗിക്കേണ്ട English അക്ഷരങ്ങൾ പരിചയപ്പെടുത്തി കൊടുത്തു. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ടൈപ്പ് ചെയ്യുന്ന രീതി പറഞ്ഞു കൊടുത്തു. കുട്ടികൾ പെട്ടെന്നു തന്നെ അവ type ചെയ്യുകയും ചെയ്തു.

2018 സെപ്റ്റംബർ മാസം അഞ്ചാം തിയതി ബുധനാഴ്ച നടന്ന ക്ലാസിൽ Animation program practice ആണ് നൽകിയത്. പുതിയ module ലഭിക്കാത്തതിനാൽ കുട്ടികൾ ചെയ്ത ആനിമേഷനുകളും പുതിയ പ്രവർത്തനങ്ങളും പറഞ്ഞു കൊടുത്തു.

സെപതംബർ മാസം 12-ാം തിയതി  വൈകുന്നേരം മൂന്നരമണിക്ക് ക്ലാസ് ആരംഭിച്ചു. മലയാളം അക്ഷരങ്ങൾ ഉപയോഗിച്ച് വാക്യങ്ങളും കൂട്ടക്ഷരങ്ങളും ടൈപ്പ് ചെയ്യുന്നതിനുള്ള പരിശീലനമാണ് അന്ന് നൽകിയത്.

എല്ലാ ബുധനാഴ്ചകളിലും ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു. Animation , graphics, Robetics ,programming എന്നിവയെറിച്ച് പഠിക്കാൻ സാധിക്കുന്നു. എല്ലാ ബുധന്ഴ്ചയും  കൃത്യമായി ക്ലാസുകൾ നടക്കുന്നു.



# ലിറ്റിൽ കൈറ്റ്സ് സാങ്കേതിക വിദ്യയുടെ മികവുകളിലേക്ക്



**റോസ് മേരി ടീച്ചർ** (SITC)

അനുദിനം വികസിച്ചു വരുന്ന സാങ്കേതിക വിദ്യയുടെകാലത്താണ് നാം ജീവിക്കുന്നത്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സാങ്കേതികവിദ്യകൾ സമർഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. അതിനായി "ലിറ്റിൽ കൈറ്റ്സ്" എന്ന കുട്ടികളുടെ ഐ റ്റി കൂട്ടായ്മ ഹൈടെക്ക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്.

2018 ജനുവരി 22 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ലിറ്റിൽ കൈറ്റ്സ് ക്ളബ്ബിൽ കേരളത്തിലെ പൊതു വിദ്യാലയങ്ങളിലുള്ള ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾ അംഗങ്ങളാണ്.

ലിറ്റിൽ കൈറ്റ്സിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്.ഗ്രാഫിക്സ്&അനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിങ്,

പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം,റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിങ്ങ് ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ്, ഇൻറർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളായി യൂണിറ്റ് തല പരിശീലനം നല്കുന്നു. കൂടാതെ യൂണിറ്റ് തലത്തിൽ മികവു പുലർത്തുന്നവർക്ക് സബ്ജില്ല,ജില്ല,സംസ്ഥാനതല ക്യാമ്പുകളിലൂടെ ഉയർന്ന പരിശീലനം ലഭ്യമാക്കുന്നു. ഈ അവസരത്തിൽ KITE മാസ്റ്റർ മാർക്ക് പരിശീലനം നല്കുന്ന മാസ്റ്റർ ട്രെയിനർമാരുടെ സേവനം വളരെ അഭിനന്ദനീയമാണ്. കൂടാതെ ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. കേരള ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) പ്രവർത്തനങ്ങളും വളരെ ഫലപ്രദമാണ്.

മാനുഷികമൂല്യങ്ങളോടൊപ്പം സാങ്കേതികവിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കാൻ ഈ സംരംഭത്തിനു സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

# സ്നേഹ സ്പർശം



***ഷാജി മോൻ (H S A)***

പെട്ടെന്നൊരു ശബ്ദം കേട്ട് രഘു ഞെട്ടിയുണർന്നു.ശബ്ദം കേട്ട ഭാഗത്തേക്ക് വെറുതെയൊന്നു നോക്കി..... വെറ്റിലയുടെ ചുവപ്പുള്ള പല്ലുകൾ പുറത്തുകാട്ടി വീണ്ടും ചോദ്യം തുടർന്നു.രഘു വേണ്ടെന്ന ഭാവത്തിൽ തലയാട്ടി. ട്രെയിൻ ഏതൊ റെയിവേ സ്റ്റേഷനിൽ എത്തിയിരിക്കുന്നു.സ്ഥലം ഏതെന്നു മനസ്സിലാക്കാൻ വെറുതെയൊരു ശ്രമം നടത്തി. വെള്ള ബോർഡിൽ ചുവന്ന അക്ഷരത്തിൽ എഴുതിയിരിക്കുന്ന 'ഷൊർണ്ണൂർ' അതേ ഷൊർണ്ണൂർ എത്തി. മെല്ലെ വാച്ചിലേക്ക് നോക്കി സമയം 2.35 am.അതേ ഇനിയും സ്ഥലത്തെത്താൻ 6 മണിക്കൂറിലധികമെടുക്കും. ആരൊക്കെയോ ഇറങ്ങിപ്പോകുന്നു.... ആരൊക്കെയോ സീറ്റിനു വേണ്ടി ഞെരുങ്ങുന്ന ശബ്ദം.... ഇതൊന്നും രഘുവിനെ അസ്വസ്ഥനാക്കിയില്ല.

സിഗ്നൽ കൊടുത്തു. ട്രെയിൻ പാളങ്ങളെ കീറിമുറിച്ച് അടുത്ത സ്ഥലത്തേക്ക് പായുകയാണ്. ദൂരത്തേക്ക് നോക്കിയപ്പോൾ വൈദ്യുതി വിളക്കുകൾ കൂട്ടമായും ഒറ്റയ്ക്കും ചിരിച്ചുകൊണ്ടിരുന്നു.അതോടൊപ്പം രഘുവിൻെറ ചിന്തകളും.... ഫോൺ സന്ദേശം സുഹൃത്തുക്കളിൽ നിന്നും ഉണ്ടായി....... രാഘവൻ മാഷിന് സുഖമില്ലെന്ന്........... പെട്ടെന്ന് നാട്ടിലെത്തണമെന്ന് ....അതാണ് ഈ വരവിൻെറ ഉദ്ദേശം രാഘവൻ മാഷ്....... ആ രൂപം എൻെറ ഓർമ്മയിൽ തെളിഞ്ഞുവന്നു...... തേച്ച മുണ്ടുടുത്ത് വെള്ള ഷർട്ടിട്ട് വരാറുള്ള രാഘവൻ മാഷ്....... ഇടയ്ക്ക് കുറച്ച് കഷണ്ടി കയറിയിട്ടുണ്ട്.എപ്പോഴും ചിരിക്കുന്ന മുഖം.....

തിരക്കുകുറഞ്ഞ പല റെയിൽവേ സ്റ്റേഷനിലൂടെ ട്രെയിൻ

നിർത്താതെ പൊയ്ക്കൊണ്ടേയിരുന്നു.തണുത്തകാറ്റ് ആഞ്ഞുവീശുന്നു....... അതോടൊപ്പം രഘുവിന്റെ ഓർമകളും...........അച്ഛനും അമ്മയും ഇല്ലാത്ത കുട്ടി....... ജനിച്ച് മൂന്നാം വർഷം വാർക്കപ്പണിക്കിടയിൽ അഞ്ചാം നിലയിൽ നിന്ന് വീണ അച്ഛന്റെ മരണം..... വെള്ള തുണിയിൽ പൊതിഞ്ഞ അച്ഛന്റെ ശരീരം....... ഇന്നും ഒരു നേർത്ത ഓർമ്മ മാത്രം.പിന്നെ ആകെ ആശ്രയം അമ്മ...... ഏഴാം വയസ്സിൽ ആ സ്നേഹവും നഷ്ടമായി. പിന്നെയുള്ള ആശ്രയം ചിറ്റമ്മയുടെ വീടുമാത്രം...... എല്ലാവരാലും വെറുക്കപ്പെട്ട ജന്മം..... അതു കൊണ്ടുതന്നെ കുഞ്ഞുക്ലാസ്സു മുതൽ കുസൃതിയും കൂടി വന്നു.പഠനത്തെക്കാളേറെ മറ്റുപലകാര്യങ്ങളിലും താൽപര്യം കൂടിവന്നു.

പത്താം തരത്തിൽ പഠിക്കുമ്പോൾ സ്കൂളിലെ നോട്ടപുള്ളി......... അടിപിടി അക്രമങ്ങളുമായി ബന്ധപ്പെട്ട ഏതുകേസിലും അവൻ നിർബന്ധമായും ഉണ്ടാകും. കൈപ്പത്തി നിവർത്തിവച്ചും തുടയിലും അദ്ധ്യാപകർ അടിക്കുമ്പോൾ ആദ്യമൊക്കെയേ ശരീരം വേദനിച്ചിട്ടുള്ളൂ. പിന്നീട് ശരീരത്തിന് വേദനയില്ല. പകരം മനസ്സിന് കട്ടിയായി മാറികൊണ്ടിരിക്കുന്നു. എല്ലാവരോടും വാശി...... എല്ലാം നശിപ്പിക്കണം...... ജീവിതത്തിൽ ഇന്നുവരെ നല്ല കുട്ടി എന്ന് കേൾക്കാത്ത ജന്മം........

"രഘു മനോജിനെ കോമ്പസ്സ്കൊണ്ട് കുത്തി മുറിവേൽപ്പിച്ചു......." സ്കൂൾ മുഴുവൻപടർന്നു പിടിച്ച വാർത്ത. ആഴത്തിൽ മുറിവേറ്റ മനോജിന് ഏഴ് തുന്നൽ "രഘുവിനെസ്കൂളിൽ നിന്നും പുറത്താക്കണം...."സ്കൂൾ കുട്ടികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മുഴങ്ങികേട്ട ഒരേ ശബ്ദം...... സ്റ്റാഫ് കൗൺസിലിൽ ഒരു പ്രതിയെ പോലെ കുറ്റവിചാരണ നടത്തി.

ഞാൻ അമ്പരന്നു. സ്റ്റാഫ് കൗൺസിലിൽ രാഘവൻ മാഷ് വാദിക്കുന്നു. അതും ആർക്കും വേണ്ടാത്ത എനിക്കുവേണ്ടി......"ഒരിക്കലത്തേക്ക് രഘുവിന് മാപ്പ് നൽകിയേ പറ്റൂ" രാഘവൻമാഷിന്റെ ശബ്ദം ഉറച്ചതായിരുന്നു. ഈ തെമ്മാടി ചെക്കനുവേണ്ടി വാദിക്കാൻ മാഷിന് നാണമില്ലേ ? ഓമന ടീച്ചറിന്റെ വാക്കുകൾ രാഘവൻമാഷ് ഒരു ചിരിയിലൊതുക്കി...... അവസാനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാതൃകയായ രാഘവൻമാഷിന്റെ വാക്കുകൾക്കു മുമ്പിൽ മറ്റുള്ളവർക്കു പിടിച്ചു നിൽക്കാൻ ആയില്ല. പകരം അധ്യാപകർ മറ്റൊരു നിർദ്ദേശം വെച്ചു."ഇനി സ്കൂളിൽ രഘുവിനെകൊണ്ട് ശല്യമുണ്ടാകില്ലെന്ന് മാഷിൽ നിന്നും എഴുതി വാങ്ങണം ......" ഒരു ചെറുപുഞ്ചിരിയോടെ മാഷ് ഒരു കഷ്ണം പേപ്പറെടുത്ത് രണ്ടായി കീറി....

ഒരു കഷ്ണം അധ്യാപകരുടെ തൃപ്തിക്കായി എഴുതി നൽകി.

മറ്റൊന്ന് ഒരു ചെറിയ കുറിപ്പെഴുതി രഘുവിന് നൽകി.മാഷ് നടന്നു നീങ്ങി. ഒരു സ്നേഹസ്പർശം പോലെ......

ഒരു ഞെട്ടലോടെ രഘു തൻെറ ചിന്തയിൽ നിന്ന് ഉണർന്നു. ആ രാഘവൻ മാഷിന് സുഖമില്ലെന്ന്.....ഇപ്പോൾ രഘു തന്നെ വെറുത്ത സ്കൂളിനു തന്നെ അഭിമാനമായി മാറിയിരിക്കുന്നു. രാഷ്ട്രപതിയിൽ നിന്നും ധീരതയ്ക്കുള്ള ശൗര്യചക്രം

ഏറ്റുവാങ്ങിയ ഇന്ത്യൻ ലഫ്റ്റനൻറ് ജനറൽ.... ഇന്ത്യൻ സേനയുടെ അഭിമാനം.... പിന്നെ നാടിനും സ്കൂളിനും അന്തസുയർത്തിയവൻ......

പത്രകെട്ടുകൾ വലിച്ചെറിയുന്ന ശബ്ദം കേട്ട് ചിന്തയിൽ നിന്നും മെല്ലെയുണർന്നു. കിഴക്കൻ മേഘങ്ങളിൽ വെള്ള കീറിയിരിക്കുന്നു..... പ്രഭാതത്തെ വരവേൽക്കാൻ പക്ഷികളുടെ വിവിധ ശബ്ദങ്ങൾ..... അതേ കായംകുളം റെയിൽവേ സ്റ്റേഷനിൽ എത്തിയിരിക്കുന്നു. സീറ്റിനായി കോളേജ് വിദ്യാർത്ഥികളും അതിരാവിലെ ജോലിക്കുപോകുന്നവരും മത്സരിക്കുന്നു...... ഇതൊന്നും രഘുവിനെ അസ്വസ്ഥനാക്കിയില്ല.....

ഇനി അരമണിക്കൂർ മാത്രം...... കരുനാഗപള്ളിയിൽ എത്താൻ തൻെറ സ്യൂട്ട്കേയ്സും ക്യാരിബാഗും യഥാസ്ഥാനത്ത് ഉണ്ടെന്ന് ഉറപ്പിച്ചു. മുഖം ഫ്രഷാക്കി. ചിതറിക്കിടന്ന കറുത്ത തലമുടി കോതിഒതുക്കി. ഒറ്റനോട്ടത്തിൽ ആരും ബഹുമാനിച്ച് പോകുന്ന ഒരു യഥാർത്ഥ ഇന്ത്യൻ സൈനികൻ.......

രഘു തൻെറ പേഴ്സ് എടുത്ത് തുറന്നു. ഒരു ഭാഗത്ത് ക്രൂശിതനായ ക്രിസ്തുവിനെ മടിയിൽ കിടത്തിയിരിക്കുന്ന മാതാവിൻെറ രൂപം...... ലോക പാപങ്ങളെല്ലാം സ്വയം ഏറ്റുവാങ്ങി തൻെറ മാതാവിൻെറ

മടിയിൽ സമർപ്പിക്കുന്ന ലോകനാഥൻ. പേഴ്സിൻെറ മറ്റേ ഭാഗത്ത് ഒരു നനുത്ത പേപ്പറിൽ എഴുതിയ കുറിപ്പ്..... താൻ നിധിപോലെ സൂക്ഷിക്കുന്ന സാധനങ്ങൾ.......

ട്രെയിൻ നേർത്ത ഒച്ചയോടെ കരുനാഗപ്പള്ളിയിൽ എത്തി.... പതിവില്ലാതെ തന്നെ സ്വീകരിക്കാൻ തൻെറ കളിക്കൂട്ടുകാരെല്ലാം ഒപ്പം കൂടിയിരിക്കുന്നു. ഉറന്ന ചിരിയോടെ രഘു കമ്പാർട്ട്മെൻറ്റിൽ

നിന്നും പുറത്തിറങ്ങി. പക്ഷെ തൻെറ കളിക്കൂട്ടുകാരുടെ മുഖത്ത് പതിവിനും വിപരീതമായി ദുഃഖം തളം കെട്ടി നിൽക്കുന്നു. താൻ പണ്ട് കൈതണ്ട് കുത്തി

മുറിവേൽപ്പിച്ച മനോജ് മുന്നോട്ടുവന്ന് രഘുവിന്റെ കൈപ്പത്തിയിൽ ചേർത്ത് പിടിച്ചു. ഒരു സ്നേഹത്തിന്റെ തണുത്തകാറ്റ് തന്റെ ശരീരത്തിലൂടെ പ്രസരിക്കുന്നതായി രഘുവിന് തോന്നി......

എന്താ മനോജ് ? എന്തുപറ്റി ?.....രഘു മനോജിനെ ചേർത്തുപിടിച്ചു. മനോജിൽ നിന്നും ഒരു തേങ്ങൽ..... നമ്മുടെ രാഘവൻ മാഷ്...... നമ്മുടെ രാഘവൻ മാഷിനെന്തുപറ്റി ? നെഞ്ചിടിപ്പോടെ രഘു ചോദിച്ചു.... കഴിഞ്ഞ പതിമൂന്നാം തിയതിയുണ്ടായ വാഹനാപകടത്തിൽ നമ്മുടെ മാഷിന് ഗുരുതരമായി പരിക്കേറ്റു.... അടിയന്തരമായ ശസ്ത്രക്രിയ ചെയ്തു. ഒരിക്കൽ ബോധം തെളിഞ്ഞപ്പോൾ ആനാവുകളിൽ മന്ത്രിച്ചത് രഘു എന്ന വാക്കുകളായിരുന്നു.

കാറിൽനിന്ന് ഇറങ്ങിയ രഘുവും കൂട്ടുകാരും രാഘവൻ മാഷിന്റെ വീടിനടുത്തെത്തി. കൂട്ടം കൂട്ടമായും ഒറ്റയ്ക്കും നിൽക്കുന്ന ജനങ്ങൾ............. സൂര്യനീരുണ്ട് കാറ്റു വീശാൻ മടിച്ച് നിൽക്കുന്ന പ്രകൃതി....... ജനങ്ങളെ തള്ളി മാറ്റി രഘു ആവേശത്തോടെ മുന്നോട്ട് നീങ്ങി......

അതാ എന്റെ രാഘവൻ മാഷ്.......... വെള്ളതുണിയിൽ പൊതിഞ്ഞ്......... രഘുവിന് തന്റെ കണ്ണുകളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഒരു കുഞ്ഞിനെ പോലെ മനോജിന്റെ നെഞ്ചോട് ചേർന്ന് തേങ്ങി.......

രഘു മെല്ലെ തന്റെ പേഴ്സ് തുറന്ന് ആ കീറിയ നനഞ്ഞ കുറിപ്പ് പുറത്തെടുത്തു. അതിലെ വരികൾ...... എന്നെ ഞാനാക്കിയ വരികൾ...... എന്റെ മാഷ് എനിക്ക് നൽകിയ നിധി....... "രഘു നിന്നെ ഞാൻ സ്നേഹിക്കുന്നു.... നീ എന്റെ മകനെ പോലെയാണ്...... അല്ല എന്റെ മകനാണ് നീ"........

വായിക്കുന്നതിനിടയിൽ നനഞ്ഞ കണ്ണുനീർ വീണ് അത് കുതിർന്നു. മാഷിന്റെ തണുത്ത കാൽപാദങ്ങളിൽ പിടിച്ച് കണ്ണുനീരിനോടൊപ്പം ആ കുറിപ്പും തന്റെ പ്രിയപ്പെട്ട മാഷിന്.......

ഒരു തണുത്ത കാറ്റ് അപ്പോഴും അവിടെ വീശിക്കൊണ്ടിരുന്നു...................................

-ശുഭം-

## നാണപ്പാ...........നാണപ്പാ..............



അലീനാ



നാണപ്പാ.....നാണപ്പാ......

എങ്ങോട്ടേക്കാണപ്പാ.......

ഓണം വന്നതറിഞ്ഞപ്പാ......

ടൗണിൽ മാളിൽ പോണപ്പാ......

പുത്തനുടുപ്പുകൾ വേണപ്പാ.......

പിന്നെ കാണാം പൊന്നപ്പാ......

## *ADDITIONAL SKILL ACQUISITION PROGRAMME*

പഠനത്തോടൊപ്പം തൊഴിൽ എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കിവരുന്ന കോഴ്സാണ് ASAP. 180 മണിക്കൂർ Communicative English IT Training. ഇതിനോടൊപ്പം 3 മാസം,6 മാസം,1 വർഷം എന്ന തരത്തിൽ തൊഴിൽ പരിശീലനവും നല്കിവരുന്നു. നിർധനരായ 35 കുട്ടികൾക്കാണ് ഇതിനവസരം ലഭിക്കുന്നത്. നമ്മുടെ ഈ കലാലയത്തിൽ നിന്നും ASAP കോഴ്സ് മുഴുവനായി ചെയ്ത രണ്ടു വിദ്യാർത്ഥികൾ ഇപ്പോൾ തൊഴിൽ ചെയ്യുന്നു. ഇതിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റിന് സംസ്ഥാന, കേന്ദ്ര ,വിദേശ ഗവൺമെൻറുകൾ അംഗീകാരം നൽകിയിട്ടുള്ളതാണ്.

# SPC REPORT

ഒരു രാജ്യത്തിൻെറ ക്രമസമാധാനപാലനം ആഭ്യന്തരവകുപ്പിന് കീഴിലുള്ള പോലീസ് ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യുന്നത്. സമൂഹത്തിന്റെ സമാധാനപരമായ ജീവിതത്തിന് പോലീസ് വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ചിട്ടയായ പരിശീലനത്തിലൂടെയും കായികാഭ്യാസത്തിലൂടെയും വ്യക്തമായ പദ്ധതി ആവിഷ്കരണത്തിലൂടെയും പോലീസ് ഈ ദൗത്യം വളരെ ഭംഗിയായി നിറവേറ്റുന്നു.

ഉദ്വേഗംജനിപ്പിക്കുന്നതും ആത്മാഭിമാനവും ദേശസ്നേഹവും ഉണർത്തുന്നതുമായ ഈ വിഭാഗത്തിലേക്ക് വിദ്ധ്യാർത്ഥികളുടെ ഒരു ചുവടുവയ്പ്പാണ് SPC. രാജ്യത്തെ പോലീസ് അസോസിയേഷനോട് ചേർന്ന് പ്രവർത്തിക്കുന്ന SPC ആരംഭിച്ചത് ഗ്രീസിലാണ്. 'Order' എന്ന അർത്ഥം വരുന്ന ഒരു ലാറ്റിൻ പദത്തിൽ നിന്നാണ് ഈ വാക്കിന്റെ ഉദ്ഭവം. ഇന്ന് കേരളത്തെ ഒട്ടു മിക്ക സ്കൂളുകളിലും SPC പ്രവർത്തിക്കുന്നു. ഇതിന് നേതൃത്വം നൽകുന്നത് പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരും പ്രദേശത്തെ



പോലീസ് ഭാരവാഹികളുമാണ്. അത്തരത്തിൽ ഉണ്ടൻകോട് സെന്റ്.ജോൺസ്.എച്ച്.എസ്.എസ്-ലും ഒരു SPC യൂണിറ്റ് പ്രവർത്തിക്കുന്നു. ഇവിടെ SPC യൂണിറ്റ് ആരംഭിച്ചത് 2016-17 അദ്ധ്യായന വർഷത്തിലായിരുന്നു. ആഴ്ച്ചയിൽ 2 ദിവസം [ബുധൻ,ശനി] പരിശീലനം നടത്തുന്നു. ബുധൻ 3.00 മുതൽ 4.15 വരെയും ശനി രാവിലെ 7.00 മുതൽ 10.00 വരെയുമാണ് പരിശീലനം. ശനിയാഴ്ച്ചകളിൽ 'News Analysis' നടത്തുകയും P.E.T പരിശീലിക്കുകയും ചെയ്യുന്നു. ബുധനാഴ്ചകളിൽ പരേഡ് പ്രാക്ടീസ് നടത്തുന്നു. ഡ്രിൽ ഇൻസ്പെക്ടറുമാരായ ഷാജി സാർ, അശ്വതി മാഡം എന്നിവർ പരിശീലനം നൽകുന്നു. സ്കൂളിൽ CPO ആയി പ്രവർത്തിക്കുന്ന ബിജുകുമാർ സാറും ACPO ആയി പ്രവർത്തിക്കുന്ന ബിനി ടീച്ചറുമാണ് ചില ശനിയാഴ്ചകളിൽ 'Road Walk and Sun' നടത്തുന്നത്. ഇടയ്ക്കിടയ്ക്ക് സമൂഹത്തിൽ വിവിധ മേഖലകളിലുള്ള പ്രമുഖർ

[ഡോക്ടർമാർ, പ്രൊഫസറുമാർ, സാമൂഹിക പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ, അഡ്വക്കേറ്റുമാർ] വിവിധ വിഷയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. ഓണം വെക്കേഷൻ ക്യാമ്പ്, ക്രിസ്തുമസ് വെക്കേഷൻ ക്യാമ്പ്, എന്നിവ നടത്തുന്നു. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് Nature Camp നടത്തുന്നു.

2017-18 അധ്യായവർഷത്തിൽ ഹിരോഷിമാ ദിനത്തിൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പതാക ഉയർത്തുകയും പരേഡ് നടത്തുകയും മറ്റ് ആഘോഷങ്ങൾ നടത്തുകയും ചെയ്തു. പ്രസ്തുത വർഷത്തെ ഓണം വെക്കേഷൻ ക്യാമ്പ് 31/8/2017 വ്യാഴാഴ്ച്ച ആരംഭിച്ച് 2/9/2017 ശനിയാഴ്ച്ച അവസാനിച്ചു. Nature Camp 27/9/2017/ ബുധനാഴ്ച്ച കാപ്പുകാട് Elephant Rehabilitation Centre -ൽ ആരംഭിക്കുകയും 28/9/2017 വ്യാഴാഴ്ച്ച അവസാനിക്കുകയും ചെയ്തു. ക്യാമ്പിൽ ട്രക്കിങ്ങും മറ്റ് ക്ലാസ്സുകളും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത വർഷത്തെ ക്രിസ്തുമസ് വെക്കേഷൻ ക്യാമ്പ് 23/12/2017 ശനിയാഴ്ച്ച ആരംഭിച്ച് 24/12/2017 ഞായറാഴ്ച്ച അവസാനിച്ചു.

2017-18 അധ്യായനവർഷത്തെ SPC ലോക പരിസ്ഥിതിദിനത്തിൽ ആരംഭിച്ചു. അന്നേദിവസം ക്യാമ്പസ് വൃത്തിയാക്കുകയും ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. യോഗാദിനം ആചരിക്കുകയും അന്നേദിവസം യോഗ പരിശീലിക്കുകയും ചെയ്തു. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തുകയും പരേഡ്നടത്തുകയും മധുരം വിതരണം ചെയ്ത് ആഘോഷിക്കുകയും ചെയ്തു. കേരളക്കരയാകെ നടുക്കിയ പ്രളയദുരന്തം കാരണം പ്രസ്തുതവർഷം ഓണം വെക്കേഷൻ ക്യാമ്പ് നടത്താൻ സാധിച്ചില്ല. പ്രളയബാധിത പ്രദേശങ്ങളിലേക്ക് വസ്ത്രങ്ങൾ, പഠനോപകരണങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവയും 35,000 രൂപയും collect ചെയ്തു നൽകി. ഒരു പഠനവിനോദയാത്രയും സംഘടിപ്പിച്ചു. ക്രിസ്തുമസ് വെക്കേഷൻ ക്യാമ്പ് 26/12/2018 ബുധനാഴ്ച്ച ആരംഭിച്ച് 28/12/2018 വെള്ളിയാഴ്ച്ച അവസാനിപ്പിച്ചു. ഇപ്രകാരം അടുക്കും ചിട്ടയോടും കൂടി വ്യക്തമായി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ട് പോലീസ് ഉദ്ധ്യാഗസ്ഥരുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ ഉണ്ടൻകോട് SPC യൂണിറ്റ് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച് പ്രയാണം തുടരുന്നു.



# വേനൽ മഴ

**മഹേശ്വരി അമ്മ**

മധുരമീ മഴ
മണിമുത്തുപല്ലുള്ളൊരീ മഴ
മലർവാടി പൂക്കുമീ മഴ
ഗന്ധർവ്വനണരുമീ മഴ
സന്ധ്യാമഴ......സായം സന്ധ്യാമഴ.....
മഞ്ഞലപ്പോലെ മാണിക്യമുത്തുപ്പോലെ
അലസഗമനമണയുമീമഴ
തേൻമഴ.....വേനൽമഴ,
സന്ധ്യാമഴ......സായം സന്ധ്യാമഴ......

കുഞ്ഞനുറുമ്പും കുഞ്ഞാറ്റക്കിളിയും
കൂടണയും മഴ
മധുര മധിരമീ മഴ

സന്ധ്യാമഴ......സായം സന്ധ്യാമഴ....

ഒളിമിന്നി ഇടിമുഴങ്ങി
ചടുലതാളത്തിൽ
തുടികൊട്ടിപ്പാടിവരുമീ മഴ.
സന്ധ്യാമഴ......സായം സന്ധ്യാമഴ.....

ചന്തപിരിയുന്ന നേരത്ത്
ചന്തം തുളുമ്പുന്ന നേരത്ത്
ചിന്താവിവശയായ് വീടുപൂകുന്നൊരു
സുന്ദരിപെണ്ണിനെ കുളിരണിയിക്കുമീ മഴ
സന്ധ്യാമഴ......വേനൽമഴ.....
സായം സന്ധ്യാമഴ......
തന്തനതാനാ.....തന്തനനാ.......
തന്തനതാനാ.....തന്തനനാ.......
തന്തനതാനാ.....തന്തനനാ.......
തന്തനനാ.......

# How technology help full for student

*New technology in the form of Internet has helped breach the limitations of a country's frontiers. A student sitting in a small town of India can access the latest course material released by MIT on his topic of interest. He can gain access to the latest info that is happening in physical and thus improve his existing*



*warehouse of knowledge. He can browse through the previous papers in physics and dwell deeper and deeper in his specialized study. And how long does this all take? A click of a mouse. Compare this with searching through the mazes of his small home town library, only to find some outdated articles and consuming a great part of his daily activity.*

*Technology has helped open up many new avenues that previously were considered impossible. Take for example the simple LCD projectors. They give a visual feel of the subject that the student is studying helping him to learn not only quickly but also effectively. Or for that matter video conferencing. A student can ask questions and clear his lingering doubts when he interacts with a professor considered as the authority in his field.*

# ശാസ്ത്രാഭിരുചി വളർത്താൻ
# *Mega Expo*

**ആമുഖം**

ശാസ്ത്ര സാങ്കേതിക,ഐ.ടി മേഖലകളിൽ വളർച്ചയും വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ അവയുടെ പ്രയോഗവും നേരിൽ കണ്ട് മനസിലാക്കുവാൻ സൗകര്യം ഒരിക്കി കൊണ്ടാണ് Mega Expo 2018 സജികരിച്ചത്. October 08 മുതൽ 12 വരെ തിയതികളിലാണ് Mega Expo സജ്ജീകരിച്ചത്. വിദ്യാർത്ഥികളിൽ ശാസ്ത്ര ഗവേഷണ അഭിരുചി വളർത്തുന്നതിനും പഠനപ്രവർത്തനങ്ങൾ ആയാസരഹിതമാക്കുന്നതിനും പുരോഗമന ആശയങ്ങൾ വളർത്തിയെടുക്കുന്നതിനുമായി ശാസ്ത്രം,ആരോഗ്യം എഞ്ചീനിയരറിംഗ്, ബഹിരാകാശ ഗവേഷണം, കലാസാഹിത്യം, കൃഷി, കരകൗശലം, ഊർജ്ജവിനിയോഗം, മാലിന്യസംസ്കരണം തുടങ്ങിയ വൈവിധ്യമാർന്ന സ്റ്റാളുകൾ രൂപികരിച്ചു.



ആദ്യദിവസമായിരുന്ന 08-10-2018 തിങ്കൾ രാവിലെ 10:00 മണിക്ക് ഉദ്ഘാടന സമ്മേളനം ആരംഭിക്കുകയും സ്കൂൾ വിദ്യാർത്ഥികൾ ഈശ്വര പ്രാർത്ഥന നടത്തി. സ്കൂളിൻെറ പ്രിൻസിപ്പാൾ ആയ ശ്രീ. യേശുദാസ് സാർ സ്വാഗതം പ്രസംഗം നടത്തുകയും. പാറശാല ശ്രീ ഹരിന്ദ്രൻ അദ്ധ്യക്ഷത വഹിക്കുകയു ചെയ്തു.ശ്രീ വെരി.റവ.മോൺ.ഡോ. വിൻസെന്റ് കെ പീറ്റർ ആമുഖ സന്ദേശം പറയുകയും ചെയ്തു. റൈറ്റ്.റവ.ഡോ.വിൻസെന്റ് സാമുവേൽ പിതാവ് ഉദ്ഘാടനം നടത്തുകയും ചെയ്തു. അന്നത്തെ മുഖ്യ അതിഥിയായ ഡോ.ദിവ്യ.എസ്.അയ്യർ IAS മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. അന്നേ ദിവസം ഉച്ചയ്ക്ക് 12.00 മണിക്ക് "പാമ്പുകളെ കുറിച്ചുള്ള ബോധവല്കരണ"ക്ലാസ് ശ്രീ.ലാലു ഉണ്ടൻകോട് നടത്തുകയും ചെയ്തു. ഉച്ചയ്ക്ക് 2.00 മണിക്ക് പൂർവ്വ വിദ്യാർത്ഥികൾ "താരസമന്വയം"നടത്തുകയും ചെയ്തു.അന്നത്തെ ദിവസത്തിന് HSS Staff Secratory ആയ ശ്രീമതി സുധ.എസ് ടീച്ചർ ക്രതജ്ഞത പറയുകയും ചെയ്തു.



രണ്ടാം ദിവസമായ 09/10/2018 ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് TIMOX(Trophy In Memory of Xavior Sir) സംഘടിപ്പിച്ചു. തിരുവനന്തപുരം കോട്ടൻ ഹിൽ സ്കൂളിലെ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വെങ്ങാനൂർ സ്കൂളും അമരവിള എൽ.എം.എസ് സ്കൂളും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഉച്ചയ്ക്ക് 12.00 മണിക്ക് നടന്ന പൊതു സമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

തുടർന്ന് സെൻറ് ജോൺസ് എച്ച്.എസ്സ്.എസ്സിലെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അവതരിപ്പിച്ച ഗാനമഞ്ജരി ശ്രോതാക്കളുടെ മനം കവർന്നു.

3-ാം ദിവസമായ 10/10/2018 രാവിലെ 10.30 ന് ശ്രീ.അനിൽ കുമാർ സാറിന്റെ ആഭിമുഖ്യത്തിൽ ഒരു കരിയർ ഗൈഡൻസ് ക്ലാസ് നടത്തുകയും ശ്രീ.അലക്സാണ്ടർ ആർ.പി.സ്വാഗതം അർപ്പിക്കുകയും എക്സ്പോ കോ-ഓർഡിനേറ്റർ ആയ ഡോ.എൽ.കൃഷ്ണൻ നാടാർ ആമുഖം പറയുകയും HSST പ്രോഗ്രാം കമ്മിറ്റി ശ്രീമതി ഉഷാറാണി കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 2.00 ന് സാംസ്കാരിക സദസ്സിൽ പ്രിൻസിപ്പൽ ആയ ശ്രീ.യേശുദാസൻ സാർ സ്വാഗതം അർപ്പിച്ചു. മുഖ്യ അതിഥിയും തിരുവനന്തപുരം ജില്ലയുടെ എം.പി.ആയ ഡോ.ശശി തരൂർ ഉദ്ഘാടനം ചെയ്തു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ പ്രൊഫ.കാർത്തികേയൻ സാർ മുഖ്യ പ്രഭാഷണം നടത്തി. യുവകവി, റിസർച്ച് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഡോ.ബിജു ബാലകൃഷ്ണൻ, യുവ കവിയായ ശ്രീ സനൽ ഡാലുമുഖം, പി.റ്റി.എ പ്രസിഡൻറ് ശ്രീ.വിജു എന്നിവരാണ് ആശംസകൾ അർപ്പിച്ച് സംസാരിച്ചത്. ഈ പ്രോഗ്രാമിന് കൃതജ്ഞത അർപ്പിച്ചത് എച്ച്.എസ്.എ പ്രാഗ്രാം കമ്മിറ്റി അംഗമായ ശ്രീ.ജയൻ സാറാണ്.




